**പതിന്നാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3349** **14.03.2018-ൽ മറുപടിക്ക്**

## രോഗി-ഡോക്ടർ അനുപാതവും സ്റ്റാഫ് പാറ്റേണും

**ചോദ്യം**

**ശ്രീ. അബ്ദുൽ ഹമീദ്. പി**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. പി.കെ. അബ്ദുറബ്ബ്**
**ശ്രീ. ടി.എ. അഹമ്മദ് കബീർ**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് രോഗികൾക്ക് ആനുപാതികമായി ഡോക്ടർമാരും അനുബന്ധ ജീവനക്കാരും ലഭ്യമാണോ യെന്ന് വിശദമാക്കുമോ;

(എ) സംസ്ഥാനത്ത് രോഗികൾക്ക് ആനുപാതികമായി ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും തസ്തികകൾ നിലവിലില്ല എന്ന കാര്യം കണക്കിലെടുത്തുകൊണ്ടാണ് ആർദ്രം മിഷന്റെ ഭാഗമായി അധികം തസ്തിക സൃഷ്ടിച്ചു വരുന്നത്.

(ബി) നിലവിലെ രോഗി-ഡോക്ടർ അനുപാതം എത്രയാണ്; ഈ അനുപാതം എന്നാണ് നിലവിൽ വന്നത്; ഇത്തരം അനുപാതം നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം വെളിപ്പെടുത്തുമോ;

(ബി) കണക്കാക്കിയിട്ടില്ല. കിടത്തി ചികിത്സ ഉള്ള സർക്കാർ ആശുപത്രികളിൽ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് 1961-ലെ ഒരു സർക്കാർ ഉത്തരവ് നിലവിലുണ്ട്. കൂടാതെ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെയും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെയും സ്റ്റാഫിന്റെ എണ്ണം സംബന്ധിച്ച നിർദ്ദേശങ്ങളുള്ള ഒരു ഉത്തരവും 2008-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിലവിൽ ആരോഗ്യവകുപ്പിൽ തസ്തിക സൃഷ്ടിക്കാനുള്ള പ്രൊപ്പോസലുകൾ നൽകുമ്പോൾ നിലവിലുള്ള ഒ.പി/ഐ.പി രോഗികളുടെ എണ്ണം മറ്റ് സ്പെഷ്യാലിറ്റി എന്നിവ പരിഗണിച്ചാണ് പ്രൊപ്പോസൽ തയ്യാറാക്കി വരുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ആണ് തസ്തിക സൃഷ്ടിച്ചു വരുന്നത്. നിലവിൽ വിവിധ വിഭാഗം സ്ഥാപനങ്ങളിലേക്ക് അധികമായി തസ്തികകൾ സൃഷ്ടിക്കുന്നത് ആർദ്രം മിഷന്റെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്.

(സി) മാറിയ സാഹചര്യത്തിനനുസരിച്ച് ഡോക്ടർ-രോഗി അനുപാതവും മറ്റ് സ്റ്റാഫ് പാറ്റേണുകളും പരിഷ്കരിക്കുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കുക?

(സി) ആർദ്രം മിഷന്റെ ഭാഗമായി വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡത്തിൽ സൗകര്യങ്ങൾ ക്രമീകരിക്കുന്ന നടപടികൾ നടന്നുവരികയാണ്.

**സെക്ഷൻ ഓഫീസർ**